LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിലെ ഒരോടം പാലം വൈലോങ്ങര ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 27-9-2016-ലെ സ.ഉ.(സാധാ) നമ്പർ 1324/2016/ പൊ.മ.വ. പ്രകാരം ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചു. പ്രസ്തുത പദ്ധതിയുടെ കൺസൾട്ടൻസിയായി കിറ്റ്കോയെ നിയമിക്കുകയും പദ്ധതിയുടെ വിശദമായ സാങ്കേതിക പഠനങ്ങൾക്കും സർവ്വേകൾക്കും ശേഷം കിറ്റ്കോ സമർപ്പിച്ച അലൈൻമെന്റ് ആർ.ബി.ഡി.സി.കെ. പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ഈ അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുകയും കിഫ്ബിയിൽ നിന്ന് 12.62 കോടി രൂപയുടെ സാമ്പത്തികാനുമതി 22-5-2018-ൽ ലഭിക്കുകയും ചെയ്തു. പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 12-7-2018-ന് പ്രസിദ്ധീകരിക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ പദ്ധതി പ്രദേശത്തെ ഏതാനും ഭൂവുടമകൾ പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത സാഹചര്യത്തിൽ പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഭൂവുടമകളുടെ തർക്കങ്ങൾ പരിഹരിച്ചാൽ 18 മാസംകൊണ്ട് ഭൂമി ഏറ്റെടുക്കലും 12 മാസംകൊണ്ട് നിർമ്മാണപ്രവൃത്തികളും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

### കല്ല്യാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

42(2398) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; റോഡുകളുടെ ദൈർഘ്യം ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന റോഡുകളെ സംബന്ധിച്ച വിവരം അനുബന്ധം I* ആയി ചേർത്തിരിക്കുന്നു. പൊതുമരാമത്ത് വകുപ്പ് ദേശീയപാത കണ്ണൂർ വിഭാഗത്തിന് കീഴിൽ ദേശീയപാത 66-ൽ കി.മീ. 115/450 (പെരുമ്പ പാലം) മുതൽ 125/000 (പരിയാരം) വരെയും (9.55 കി.മീ.), കി.മീ 140/350 (കണ്ണപുരം-കെൽട്രോൺ നഗർ) മുതൽ 144/300 (കീച്ചേരി) വരെയും (3.95 കി.മീ.) ആണ് കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്നത്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ബാക്കിയുണ്ടെന്നറിയിക്കുമോ; പ്രസ്തുത റോഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ബാക്കിയുള്ള റോഡുകളുടെ വിവരം അനുബന്ധം II* ആയി ചേർത്തിരിക്കുന്നു. നിലവിൽ ദേശീയപാത 66 ബി.എം & ബി.സി നിലവാരത്തിലാണ്.

(സി) പ്രസ്തുത റോഡുകൾ കൂടി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഭരണാനുമതി പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് അനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### ആലത്തൂർ മണ്ഡലത്തിലെ റോഡ് നിർമ്മാണം

43(2399) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് ബി.എം. & ബി.സി. നിലവാരത്തിൽ നിർമ്മാണം നടത്താനുള്ളതെന്ന് വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായിചേർക്കുന്നു.*

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ അടിയന്തരമായി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ പ്രവൃത്തി ക്രമീകരിച്ചിട്ടില്ലാത്ത റോഡുകളുടെ ഭരണാനുമതി പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് അനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### മട്ടന്നൂർ മണ്ഡലത്തിലെ വട്ടോളി പുഴ അപ്രോച്ച് റോഡ്

44(2400) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ മാങ്ങാട്ടിടം-മാലൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വട്ടോളി പുഴ പാലം പണി പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡ് പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly